**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3856** **03-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശകസമിതി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശകസമിതി തയ്യാറാക്കിയ റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മതല പഠനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മണ്ണിടിച്ചിൽ സാധ്യത പ്രദേശത്തു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശകസമിതി സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യത പഠനം (Landslide Micro zonation study) നടത്തുന്നതിന് തീരുമാനിക്കുകയും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോട് (GSI) വിശദമായ പഠനം നടത്താൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നുള്ള വിദഗ്ധ സംഘം വീണ്ടും പരിശോധന നടത്തിയിട്ടുണ്ടോയെന്നും പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോയെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുമുള്ള **വിദഗ്ധ സംഘം വീണ്ടും പരിശോധന നടത്തിയിട്ടില്ല.** |
| (സി) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുമുള്ള വിദഗ്ധ സംഘം വീണ്ടും പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ